**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3101** **25-06-2024 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭയിലെ വലിയകുളം മത്സ്യ മാർക്കറ്റ്, പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂർ മത്സ്യ മാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിന് പണം അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; ഓരോയിടത്തും എന്തൊക്കെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭയിലെ വലിയകുളം മത്സ്യ മാർക്കറ്റ്, പുന്നപ്ര വടക്ക് പഞ്ചായത്തിലെ പറവൂർ മത്സ്യ മാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിന് നിലവിൽ തുക അനുവദിച്ചിട്ടില്ല. |
| (ബി) | പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രവർത്തന സജ്ജമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) | ഉണ്ട്; നിലവിൽ പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ തീരം കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടിട്ടുള്ളതിനാൽ വള്ളങ്ങൾ കരയ്ക്ക് അടുപ്പിക്കുന്നതിന് സാധിക്കുന്നില്ല. ഫിഷ് ലാൻഡിംഗ് സെന്ററിന്റെ തെക്ക് ഭാഗത്ത് ഇറിഗേഷൻ വകുപ്പ് മുഖേന ഗ്രോയിനുകളുടെ നിർമ്മാണം നടക്കുന്നുണ്ട്. വടക്ക് ഭാഗത്തു കൂടി ഗ്രോയിൻ നിർമ്മിച്ച് കഴിഞ്ഞാൽ തീരം നഷ്ടപ്പെടുന്നത് ഒരു പരിധിവരെ തടയുവാൻ സാധിക്കുന്നതാണ്.<br><br>ഫിഷ് ലാൻഡിംഗ് സെന്ററിനുള്ളിലെ കെട്ടിടങ്ങളുടെ നവീകരണം 2024-25 സാമ്പത്തിക വർഷത്തിൽ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ